-

**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 4034

18/10/2011-ൽ മറുപടി
നല്കേണ്ടത്

## പുറമ്പോക്ക് ഭൂമികളുടെ കൈയേറ്റം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഉമ്മർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) റോഡുകളോട് ചേർന്ന് കിടക്കുന്ന പുറമ്പോക്ക് ഭൂമികളുടെ കൈയേറ്റം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കൈയേറ്റം ഒഴിപ്പിക്കുന്നതിന് എന്ത് നടപടിയാണുദ്ദേശിക്കുന്നത്? | (എ) സർക്കാർ റോഡുകൾ- നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ, പി.ഡബ്ള്യു.ഡി., തദ്ദേശസ്വയംഭരണ വകുപ്പ് വക റോഡുകൾ എന്നിവയോട് ചേർന്ന് കിടക്കുന്ന പുറമ്പോക്ക് ഭൂമികളിൽ കൈയേറ്റം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൈയേറ്റം ഒഴിപ്പിക്കുന്നതിന് 1957ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം കളക്ടറുടെ അധികാരം വിനിയോഗിക്കുവാൻ സർക്കാർ ചുമതലപ്പെടുത്തിയ അതാത് ഉദ്യോഗസ്ഥർ 1957ലെ കേരളാ ഭൂസംരക്ഷണ ചട്ടങ്ങൾ പ്രകാരം നോട്ടീസ് നല്കി നടപടി പൂർത്തിയാകുന്ന മുറയ്ക്ക് ഒഴിപ്പിച്ച് സർക്കാർ അധീനതയിൽ ഏറ്റെടുത്ത് പുനഃസ്ഥാപിക്കുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ